വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ–ബി.) നെല്ലുവില കൂട്ടുന്നകാര്യത്തിൽ അവസാന തീരുമാനമായിട്ടില്ലാത്തതുകൊണ്ട് ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

## കൃഷി നഷ്ടപ്പെടുന്ന കൃഷിക്കാർക്ക് വിത്തു്

*ക്വ. ൪൮. (൪൭) ശ്രീ. കെ. കരുണാകരൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

വെള്ളപ്പൊക്കംമൂലമോ ഉണക്കം മൂലമോ കൃഷിമുഴുവൻ നഷ്ടപ്പെടുന്ന കൃഷിക്കാർക്കു് ആവശ്യമായ വിത്തു് ഗവണ്മെൻറിൽനിന്നും കടമായി വിതരണം ചെയ്യുവാൻ എന്തെങ്കിലും ഏർപ്പാടു ചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള): [ഉണ്ടു്. ഉണക്കുമൂലമോ, വെള്ളപ്പൊക്കംമൂലമോ കൃഷി നഷ്ടപ്പെടുന്ന സന്ദർഭങ്ങളിൽ, വിളവിൻെറ ഈടിന്മേൽ വിത്തു കടമായി കൊടുക്കുന്നതിനുവേണ്ട വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

## കുട്ടരി നിർമ്മാണം

*ക്വ൬൭. (൯൦) ശ്രീ. ഇ. ഭാസ്കരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഒരു ടൺ കുട്ടരി നിർമ്മാണത്തിനു് എത്ര ടൺ മരച്ചീനി ആവശ്യമുണ്ടു്;

(ബി) കുട്ടരി നിർമ്മാണം ഭക്ഷ്യക്ഷാമത്തെ ഏതെങ്കിലും തരത്തിൽ ലഘൂകരിക്കുമെന്നു ഗവണ്മെൻറു് കരുതുന്നുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) മൂന്നു ടൺ മരച്ചീനി.

(ബി) നെല്ലരിക്കു പകരം ഉപയോഗിക്കുന്നതിനു് കുട്ടരി പറ്റിയതാണെന്നു് കാണുന്നതിനാൽ, അതിൻെറ നിർമ്മാണം നെല്ലരിയുടെ ദുർഭിക്ഷതയ്ക്കു് ഒരു പരിഹാരമായിത്തീരാവുന്നതാണു്.

## Starred Questions posted for Answer on 10—3—1951

## മത്സ്യവ്യവസായികൾക്കു് നൽ

*ക്വ. ൫൩. (൫൩) ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നൽ നിയന്ത്രണം വീണ്ടും ഏർപ്പെടുത്തിയതിനു ശേഷം ഇതുവരെ ഒരിക്കൽപോലും നൽ വിതരണം നടത്തപ്പെട്ടിട്ടില്ലാത്ത എത്ര മത്സ്യവ്യവസായ കേന്ദ്രങ്ങൾ ഉണ്ടു്;

(എി) എന്തുകൊണ്ടാണു് മത്സ്യവ്യവസായികൾക്കു് താരതമ്യേന വളരെ കുറച്ചു നൽ നല്കപ്പെടുന്നതു്;

(സി) നമ്മുടെ സ്റ്റോറിൽ കൈത്തറി നെയ്ത്തുകാർക്കും വലകെട്ടുന്നവർക്കും ഓരോ മാസത്തിലും ആവശ്യമുള്ള നൂലിൻെറ അനുപാതം കണക്കാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly